I ഇ.ബി. XIV - കേരള നിയമസഭ/I-12

## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ജൂലൈ 14, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**I ശ്രദ്ധക്ഷണിക്കൽ**

(1) പ്രവാസി മലയാളികളുടെ പുനരധിവാസം

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: അസംസ്കൃത എണ്ണയുടെ വിലയിടിവും സൗദി അറേബ്യയിൽ നടപ്പാക്കുന്ന 'നിതാഖാത്' വ്യവസ്ഥകളുംമൂലം ഗൾഫ് മലയാളികൾ വലിയ പ്രതിസന്ധി നേരിടുകയാണ്. വ്യാപകമായി തൊഴിലാളികളെ പിരിച്ചുവിടുന്നത് പ്രത്യക്ഷത്തിൽ ബാധിക്കുന്നത് കേരളത്തെയാണ്. ഈ സാഹചര്യത്തിൽ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്നവർക്ക് പുനരധിവാസ

പദ്ധതികൾ ഏർപ്പെടുത്താനും സാന്ത്വനം പോലെയുള്ള പദ്ധതികളിലൂടെ നൽകുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കാനും പ്രവാസി ക്ഷേമനിധിയുടെ പ്രവർത്തനം ശക്തിപ്പെടുത്താനും യാത്രാപ്രശ്നം പരിഹരിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാന സാമ്പത്തിക അഭിവൃദ്ധിക്ക് നിർണ്ണായക പങ്കുവഹിക്കുന്ന പ്രവാസികൾ അസംസ്കൃത എണ്ണയുടെ വിലയിടിവും സ്വദേശിവത്കരണവുംമൂലം നാട്ടിലേയ്ക്ക് തിരിച്ചുവരാൻ നിർബന്ധിതരാകുകയാണ്. ഇന്ത്യൻ എംബസിയും കേരളീയരായ വിദേശ തൊഴിൽ ദാതാക്കളുമായി ബന്ധപ്പെട്ട് തൊഴിൽ സൗകര്യം ഉറപ്പുവരുത്താനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. തിരികയെത്തുന്നവർക്കുള്ള പുനരധിവാസ പാക്കേജിന്റെ ഭാഗമായി സ്വയംതൊഴിൽ വായ്പാ പദ്ധതി നടപ്പാക്കുന്നുണ്ട്. നോർക്ക വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് 28 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ക്ഷേമനിധി ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും പുതിയ പുനരധിവാസ പദ്ധതികൾക്ക് രൂപം നൽകുന്നതിനും യാത്രാപ്രശ്നം ഫലപ്രദമായി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. പ്രവാസി സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വായ്പാസൗകര്യങ്ങൾ

മെച്ചപ്പെടുത്തുന്നതിനും പ്രത്യേക സ്കീം തയ്യാറാക്കാൻ മുൻഗണന നൽകും. ഗൾഫ് രാജ്യങ്ങളിൽ ജയിൽവാസം അനുഭവിക്കുന്നവർക്ക് നിയമ സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും.

(2) ശ്രവണ സഹായ ഉപകരണങ്ങളുടെ വാറന്റി

ഡോ. എം. കെ. മുനീർ: 'ശ്രുതിതരംഗം' പദ്ധതി പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്ന കുട്ടികൾക്ക് 10 വർഷം വാറന്റിയുള്ള ഇന്റേണൽ ഇംപ്ലാന്റും 4 വർഷം വാറന്റിയുള്ള സ്പീച്ച് പ്രോസസ്സറും വയ്ക്കാറുണ്ട്. 2012 ഓഗസ്റ്റ് മാസത്തിൽ സർജറി നടത്തിയ കുട്ടികളുടെ സ്പീച്ച് പ്രോസസ്സറിന്റെ വാറന്റി ഓഗസ്റ്റ് -സെപ്റ്റംബർ മാസത്തിലും മറ്റ് കുട്ടികളുടേത് ക്രമാനുഗതമായും അവസാനിക്കും. 2 ലക്ഷത്തോളം രൂപ വിലയുള്ള സ്പീച്ച് പ്രോസസ്സറിനും അനുബന്ധ ഉപകരണങ്ങൾക്കും എക്സ്റ്റന്റഡ് വാറന്റിയോ ആന്വൽ മെയിന്റനൻസ് കോൺട്രാക്ടോ കോംപ്രിഹെൻസീവ് ആന്വൽ മെയിന്റനൻസ് കോൺട്രാക്ടോ ഏർപ്പെടുത്തുന്നതിന് ഗവൺമെന്റ് തയ്യാറാകണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 'ശ്രുതിതരംഗം' പദ്ധതിയിലൂടെ ആദ്യഘട്ടത്തിൽ സർജറി നടത്തിയ കുട്ടികൾക്ക് ഘടിപ്പിച്ചിട്ടുള്ള സ്പീച്ച് പ്രോസസ്സറുകളുടെയും അനുബന്ധ

ഉപകരണങ്ങളുടെയും വാറന്റി പിരീഡ് അവസാനിച്ച സാഹചര്യത്തിൽ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് വാറന്റി കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനായി ആന്വൽ മെയിന്റനൻസ് കോൺട്രാക്ട്/കോംപ്രിഹെൻസീവ് ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിന്റെ റേറ്റുകളും നിബന്ധനകളും പട്ടികയിൽപ്പെടാത്ത വിലകൂടിയ സ്പെയറുകളുടെ റേറ്റ് ഉൾക്കൊള്ളിച്ച പ്രൊപ്പോസലുകളും ബന്ധപ്പെട്ട കമ്പനികളിൽനിന്നും വാങ്ങുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. 2016 ജൂലൈ മാസം മുതൽ ഇ-ടെണ്ടർ നടപടിയിലൂടെ കോക്ലിയർ ഇംപ്ലാന്റും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കാലാവധി കഴിഞ്ഞ ഉപകരണങ്ങളുടെ വാറന്റി പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം എ.എം.സി./സി.എ.എം.സി. റേറ്റനുസരിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിനായി കുറഞ്ഞ നിരക്കിൽ കരാർ ഉറപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. ജില്ലാതല ഗവൺമെന്റ് ആശുപത്രികളിൽക്കൂടി കോക്ലിയർ ഇംപ്ലാന്റേഷൻ വ്യാപിപ്പിക്കുന്നതിനും നവജാത ശിശുക്കളിൽ കേൾവി വൈകല്യമുണ്ടോയെന്ന് പരിശോധിക്കുന്നതിനുമുള്ള നടപടിക്രമങ്ങളുടെ ഭാഗമായി ഡോക്ടർമാർക്ക് പരിശീലനവും മറ്റ് സംവിധാനങ്ങളും ഒരുക്കുന്നതാണ്.

## II സബ്മിഷൻ

### (1) മുഖ്യമന്ത്രിയുടെ നിയമോപദേശകൻ പ്രതിക്കുവേണ്ടി കോടതിയിൽ ഹാജരായത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): വായ്പാ തട്ടിപ്പുനടത്തിയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ മഞ്ചേരി ശ്രീധരൻ നായരെ രണ്ടാംപ്രതിയാക്കി കേസെടുക്കണമെന്ന കോഴിക്കോട് ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിക്കുന്നതിനും മുഖ്യമന്ത്രിയുടെ നിയമോപദേഷ്ടാവ് ക്രിമിനൽ കേസിലെ പ്രതികൾക്കുവേണ്ടി ഹാജരാകുന്നത് തടയുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നിലമ്പൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ ഡയറക്ടർ ബോർഡ് അംഗങ്ങളിലൊരാളായ മഞ്ചേരി ശ്രീധരൻനായർക്കെതിരെയുള്ള കേസ് ഇപ്പോൾ കോഴിക്കോട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ പരിഗണനയിലാണ്. ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം എടുത്ത വായ്പയ്ക്ക് ചെയർമാനോടൊപ്പം ശ്രീധരൻ നായരും ഒപ്പിടുകയാണ് ചെയ്തത്. വ്യക്തിപരമായി വായ്പാ തട്ടിപ്പ് നടത്തിയെന്ന ആരോപണം അടിസ്ഥാന രഹിതമാണ്. മുഖ്യമന്ത്രിയുടെ നിയമോപദേശകനായ ശ്രീ. എം. കെ.

ദാമോദരൻ തൽസ്ഥാനത്ത് തുടർന്നും പ്രവർത്തിക്കുന്നതാണ്.

(2) പട്ടയവും ഭൂനികുതി സ്വീകരിക്കലും

ശ്രീ. സി. കൃഷ്ണൻ: പയ്യന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജുകളിലെ ഭൂമി കൈവശക്കാർക്ക് പട്ടയം നൽകുന്നതിനും ഭൂനികുതി സ്വീകരിക്കുന്നതിനും നടപടിയുണ്ടാകണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിന്റെ പരിധിയിൽ ഉൾപ്പെടുന്ന വിവിധ വില്ലേജുകളിൽ 25 വർഷത്തിലധികമായി മിച്ചഭൂമി കയ്യേറി താമസിക്കുന്നവരായതിനാൽ കേരള ഭൂപരിഷ്കരണ നിയമപ്രകാരം ഇവരിൽ നിന്ന് ഭൂനികുതി സ്വീകരിക്കുവാനോ പട്ടയം അനുവദിക്കാനോ നിർവ്വാഹമില്ല. ഈ വിഷയം പ്രത്യേക കേസ്സായി പരിഗണിച്ച് പട്ടയം നൽകുന്നതിനായി വിശദ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് തയ്യാറാക്കാൻ ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് കണ്ണൂർ ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) ബാവിക്കര റഗുലേറ്റർ -കം -ബ്രിഡ്ജിന്റെ നിർമ്മാണം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: നിർമ്മാണത്തിലെ അപാകതകൾ വിദഗ്ദ്ധ സംഘത്തെക്കൊണ്ട് പരിശോധിപ്പിച്ച് കാസർഗോഡ് മണ്ഡലത്തിലെ ബാവിക്കര

റഗുലേറ്റർ-കം-ബ്രിഡ്ജ് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്): 1995-ൽ ഭരണാനുമതി ലഭിച്ച ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രവൃത്തി 2005-ൽ ആരംഭിച്ചെങ്കിലും വിവിധ കാരണങ്ങളാൽ കരാറുകാരെ ഒഴിവാക്കേണ്ട സ്ഥിതിയാണുണ്ടായത്. ബ്രിഡ്ജിന്റെ അടിത്തട്ട് ക്രമാതീതമായി താഴ്ന്നതുമൂലം നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിൽ പുതിയ ലൊക്കേഷനിൽ പണിയുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

(4) ജലവിതരണത്തിലെ തടസ്സം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കോട്ടയം നഗരത്തിൽ നിരന്തരമായുണ്ടാകുന്ന പൈപ്പ് പൊട്ടൽമൂലമുള്ള കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനും പഴക്കംചെന്ന പൈപ്പുകൾ മാറ്റുന്നതിനും വിജയപുരം കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കോട്ടയം നഗരത്തിൽ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പഴക്കംചെന്ന പൈപ്പുകൾ പൊട്ടുന്നതുമൂലം ഉപഭോക്താക്കൾക്ക് കുടിവെള്ളം വിതരണം ചെയ്യാൻ സാധിക്കാതെ വരികയും വൻതോതിൽ ജലനഷ്ടമുണ്ടാകുകയും ചെയ്യുന്ന സാഹചര്യത്തിൽ പൈപ്പുകൾ മാറ്റി

സ്ഥാപിക്കുന്ന നടപടി ഘട്ടംഘട്ടമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. പേരൂർ ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്ന് കോട്ടയം ഓഫീസ് ജലസംഭരണിവരെ ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. കോട്ടയം ജലവിതരണ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള പദ്ധതി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. പൊട്ടുന്ന പൈപ്പുകൾ നന്നാക്കുന്നതിനായി ബ്ലൂ ബ്രിഗേഡ് സംവിധാനവും പ്രവർത്തിച്ചുവരുന്നുണ്ട്. വിജയപുരം കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(5) കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ

ശ്രീ. റോഷി അഗസ്റ്റിൻ: കാർഷികാവശ്യത്തിന് എടുത്തിട്ടുള്ള വൈദ്യുതി കണക്ഷനുകളുടെ നിരക്കിൽ ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2014-ലെ താരിഫ് പരിഷ്കരണ ഉത്തരവുപ്രകാരം ഭക്ഷ്യവിളകളായ ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ മുതലായ കൃഷിക്കാവശ്യമായ വൈദ്യുതി എൽ.റ്റി. 5 (എ) കാർഷിക താരിഫിലും നാണ്യവിള കൃഷിക്കുള്ള വൈദ്യുതിയുടെ താരിഫ് വ്യാവസായിക താരിഫ് കാറ്റഗറിയിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

നാണ്യവിള ഉപഭോക്താക്കളുടെ താരിഫ് എൽ.റ്റി. 4 (എ)-യിലേയ്ക്ക് മാറ്റിയതിനുശേഷം കൃഷിഭവൻ മുഖേന വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിനാൽ വൈദ്യുതി ബന്ധം വിച്ഛേദിക്കേണ്ടതായിട്ടുള്ള സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണ്. വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച് നൽകുന്ന നിരക്കുകളിന്മേൽ ഇളവ് അനുവദിക്കുന്നതിന് കെ.എസ്.ഇ.ബി-ക്ക് നിയമപ്രകാരം അധികാരമില്ലാത്തതിനാലും നാണ്യവിള കൃഷിക്കാർക്ക് താരിഫ് ഇളവ് അനുവദിക്കുന്നതിനെക്കുറിച്ച് ബഡ്ജറ്റിൽ പറഞ്ഞിട്ടില്ലാത്തതിനാലും ഇപ്പോൾ ഇളവ് അനുവദിക്കാൻ സാധിക്കുകയില്ല.

(6) <u>കുടിവെള്ള പദ്ധതി</u>

<u>ശ്രീ. ഷാഫി പറമ്പിൽ</u> : പാലക്കാട് നിയോജകമണ്ഡലത്തിലെ പിരായിരി, മാത്തൂർ പഞ്ചായത്തുകളിൽ സമഗ്ര കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>) : പാലക്കാട് ജില്ലയിലെ പിരായിരി, മാത്തൂർ പഞ്ചായത്തുകളിൽ പൂർണ്ണമായി ജലവിതരണം നടത്താൻ നിലവിലെ പദ്ധതികൾ പര്യാപ്തമല്ലാത്തതിനാൽ പിരായിരി, മാത്തൂർ, കോട്ടായി പഞ്ചായത്തുകൾക്കായി ഒരു സമഗ്ര കുടിവെള്ള പദ്ധതി ജല അതോറിറ്റി വിഭാവന

ചെയ്ത് എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 35.10 കോടി രൂപ അടങ്കൽ തുകയുള്ള കണ്ണാടിപ്പുഴ സ്രോതസ്സായ പ്രസ്തുത പദ്ധതി പാലക്കാട് ജില്ലയുടെ കോംപ്രിഹെൻസീവ് ഡിസ്ട്രിക്ട് പ്ലാനിൽ (സി.ഡി.പി.) ഉൾപ്പെടുത്തി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(7) കൊച്ചി തുറമുഖം നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ജോൺ ഫെർണാണ്ടസ് : കൊച്ചി തുറമുഖം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : വല്ലാർപാടം ടെർമിനലിന്റെ പ്രവർത്തനത്തിലുണ്ടായ മാന്ദ്യമാണ് കൊച്ചി തുറമുഖത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം. പ്രസ്തുത ടെർമിനലിന്റെ പ്രവർത്തനത്തിന് സഹായകരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള കണ്ടെയ്നറുകൾക്ക് സഹായകരമായ രീതിയിൽ വാളയാറിലെ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുവാൻ നടപടിയെടുത്തതോടെ പത്ത് ലക്ഷം ടൺ കണ്ടെയ്നർ ശേഷിയുള്ള പ്രസ്തുത ടെർമിനലിന്റെ ഉപയോഗത്തിൽ 15 ശതമാനം വർദ്ധനവ് വരുത്തുന്നതിന് സാധിച്ചിട്ടുണ്ട്. വാളയാർ ഉൾപ്പെടെയുള്ള പ്രധാന ചെക്ക് പോസ്റ്റുകൾ വഴിയുള്ള ചരക്കുഗതാഗതം സുഗമമാക്കുന്നതിന് പ്രസ്തുത

സ്ഥലങ്ങളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് ഡാറ്റാ കളക്ഷൻ-കം-ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് നികുതി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നും വല്ലാർപാടം ടെർമിനലിലേയ്ക്ക് കയറ്റുമതി ആവശ്യങ്ങൾക്കായി വരുന്ന കണ്ടെയ്നർ ലോറികൾക്ക് ഗ്രീൻ ചാനൽ പദ്ധതി വാളയാർ ചെക്ക് പോസ്റ്റിൽ നടപ്പാക്കിയിട്ടുണ്ട്. വല്ലാർപാടത്തും കൊച്ചിൻ തുറമുഖത്തുമുണ്ടാകുന്ന തൊഴിൽ തർക്കങ്ങളിലും കണ്ടെയ്നർ പാക്കിംഗ് സംബന്ധിച്ച തർക്കങ്ങളിലും യഥാസമയം നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വല്ലാർപാടം ടെർമിനലിന്റെ കാര്യത്തിൽ കബോട്ടാഷ് നിയമം ഇളവുചെയ്ത് കിട്ടുന്നതിനായി കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ട്.

## (8) <u>കുഞ്ഞുണ്ണിമാഷ് സ്മാരകം</u>

<u>ശ്രീമതി ഗീതാ ഗോപി</u> : കവി കുഞ്ഞുണ്ണിമാഷിന് തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിലെ വലപ്പാട് വില്ലേജിൽ സ്മാരകം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>) :

കുഞ്ഞുണ്ണിമാഷിന് സ്മാരകം നിർമ്മിക്കുന്നതിനായി അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ അനുവദിച്ചുനൽകിയ 5 സെന്റ് സ്ഥലം സാംസ്കാരിക വകുപ്പിനുവേണ്ടി സാഹിത്യ അക്കാഡമിക്ക് കൈമാറിയിട്ടുണ്ട്. കേരള സാഹിത്യ അക്കാഡമിയുടെ നേതൃത്വത്തിൽ സ്മാരകം നിർമ്മിക്കുന്നതിന് വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി നൽകാൻ ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ കുഞ്ഞുണ്ണിമാഷ് സ്മാരക നിർമ്മാണത്തിന് 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിശദമായ പ്ലാനും എസ്റ്റിമേറ്റും ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിച്ച് നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(9) മാനന്തവാടി ജില്ലാ ആശുപത്രി

ശ്രീ. ഒ. ആർ. കേളു : മാനന്തവാടി ജില്ലാ ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും ആവശ്യമായ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): മാനന്തവാടി ജില്ലാ ആശുപത്രിയിൽ സൂപ്രണ്ട് ഉൾപ്പെടെ 57 ഡോക്ടർമാരുടെ തസ്തികകളുണ്ടെങ്കിലും 19 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത

തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റിയും ബ്ലഡ് ബാങ്ക്, ഐ.സി.യു., എക്സ്റേ, ഡയാലിസിസ് യൂണിറ്റ്, സി.ടി. സ്കാൻ, ലാബ് തുടങ്ങിയവയുമുണ്ട്. നല്ല നിലയിൽ പ്രവർത്തിക്കുന്ന മെഡിക്കൽ റെക്കോർഡ് ലൈബ്രറിയും പുതിയ പ്രസവവാർഡും നിർമ്മിക്കപ്പെട്ടിട്ടുണ്ട്. എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് ബഹുനില കെട്ടിടത്തിന്റെ നിർമ്മാണം നടന്നുവരികയാണ്. ഫോറൻസിക് സർജന്റെ സേവനത്തോടുകൂടിയ ഫ്രീസർ സൗകര്യമുള്ള മോർച്ചറിയുമുണ്ട്. എക്സ്റേ, സി.ടി. സ്കാൻ തുടങ്ങിയവ പ്രവർത്തിപ്പിക്കുന്നതിനും എച്ച്.എം.സി. കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ജില്ലാ ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളാക്കി ഉയർത്തുന്ന ഘട്ടത്തിൽ മാനന്തവാടി ജില്ലാ ആശുപത്രിയെയും പരിഗണിക്കുന്നതാണ്.

## (10) <u>വന്യജീവി ആക്രമണം</u>

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> തോട്ടം/കാർഷിക മേഖലകളിലെ വന്യജീവി ആക്രമണവും കൃഷിനാശവും തടയുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥരുടെയും ബന്ധപ്പെട്ടവരുടെയും സംയുക്തയോഗം വിളിച്ച് അടിയന്തര നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): വനാതിർത്തിയിൽ സ്ഥിതി ചെയ്യുന്ന തോട്ടം/ കാർഷിക മേഖലകളിലുണ്ടാകുന്ന വന്യജീവി ആക്രമണവും കൃഷിനാശവും തടയുന്നതിനായി സൗരോർജ്ജ വേലികളും ആനപ്രതിരോധ കിടങ്ങുകളും നിർമ്മിച്ചിട്ടുണ്ടെങ്കിലും ജനവാസമേഖലകളെ മുഴുവൻ സംരക്ഷിച്ചു നിർത്താൻ പര്യാപ്തമായിട്ടില്ല. കൂടുതൽ പ്രശ്ന മേഖലകളിൽ ഇത് വ്യാപിപ്പിച്ച് വന്യജീവി ആക്രമണം തടയുന്നതിന് ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി വനം വകുപ്പ് ഉദ്യോഗസ്ഥരുടെ ഉന്നതതലയോഗവും പ്ലാന്റേഷൻ/കർഷക പ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ സംയുക്തയോഗവും അതാത് ജില്ലകളിൽ വിളിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## (11) മാലിന്യ പ്രശ്നം

ശ്രീ. വി. എസ്. ശിവകുമാർ: തിരുവനന്തപുരം നഗരത്തിലെ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കോർപ്പറേഷന്റെ നിസ്സംഗത അവസാനിപ്പിക്കുന്നതിനും വികേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനങ്ങൾ പരാജയപ്പെട്ട സാഹചര്യത്തിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് കേന്ദ്രസർക്കാർ സഹായത്തോടെ പ്ലാസ്റ്റിക് പാർക്ക് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): വിളപ്പിൽശാലയിലെ കേന്ദ്രീകൃത മാലിന്യസംസ്കരണ പ്ലാന്റ് അടച്ചുപൂട്ടിയതോടെയാണ് തിരുവനന്തപുരം നഗരത്തിലെ മാലിന്യ സംസ്കരണം പ്രതിസന്ധിയിലായത്. നഗരസഭയും ശുചിത്വമിഷനും സംയുക്തമായി ഇടപെട്ട് മാലിന്യപ്രശ്നം ഒരുപരിധിവരെ നിയന്ത്രണവിധേയമാക്കിയിട്ടുണ്ട്. റെയിൽവേ പ്ലാറ്റ്ഫോമുകളിൽ ലാന്റ് ഫില്ലിംഗിനായി ഉപയോഗിച്ചും വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംരംഭങ്ങൾ ആരംഭിച്ചും പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് റീസൈക്ലിംഗ് ചെയ്തും മാലിന്യസംസ്കരണത്തിനുള്ള തീവ്രയത്നമാണ് നഗരസഭ നടത്തുന്നത്. കനംകുറഞ്ഞ പ്ലാസ്റ്റിക് ക്യാരിബാഗുകൾ നഗരപരിധിയിൽ പൂർണ്ണമായി നിരോധിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പദ്ധതിവിഹിതത്തിന്റെ പത്തുശതമാനം മാലിന്യസംസ്കരണത്തിന് നീക്കിവയ്ക്കണമെന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടും നിർദ്ദേശിച്ചിട്ടുണ്ട്.

## III മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്ത് വച്ചു.

## IV വ്യക്തിപരമായ വിശദീകരണം

### ബൈബിൾ പരാമർശം

ശ്രീ. എം. സ്വരാജ് : ബഡ്ജറ്റ് ചർച്ചയുടെ ഭാഗമായി ഞാൻ നടത്തിയ ബൈബിളിലെ ഒരു പരാമർശം വിവാദമായിരിക്കുകയാണ്. യഥാർത്ഥത്തിൽ തെറ്റായ നിലയിലാണ് പ്രതിപക്ഷം ഇതിനെ മനസ്സിലാക്കിയിരിക്കുന്നത്. ഏതെങ്കിലും അംഗത്തെയോ അംഗങ്ങളെയോ ആക്ഷേപിക്കാൻ ഉദ്ദേശിച്ചുകൊണ്ടല്ല അത് പറഞ്ഞതെന്ന് സഭയുടെ മുമ്പാകെ വ്യക്തമാക്കുന്നു.

## V ധനകാര്യം

### വോട്ട് ഓൺ അക്കൗണ്ട് - ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): "ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ നാലാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ മൂന്നാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2016-2017 സാമ്പത്തിക വർഷത്തിലെ ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന ഉപക്ഷേപം

അവതരിപ്പിക്കുന്നു.”

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(സർവ്വശ്രീ മോൻസ് ജോസഫ്, വി. ഡി. സതീശൻ, കെ. എസ്. ശബരീനാഥൻ, അബ്ദുൽ ഹമീദ് .പി. തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. മുരളീധരൻ, പി.ബി. അബ്ദുൽ റസ്സാക്ക്, പി. കെ. അബ്ദു റബ്ബ്, വി. പി. സജീന്ദ്രൻ, റോജി എം. ജോൺ, സണ്ണി ജോസഫ്, സി. മമ്മൂട്ടി, കെ. സി. ജോസഫ്, വി. ടി. ബൽറാം, എൽദോസ് കുന്നപ്പിള്ളി, വി. എസ്. ശിവകുമാർ എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.)

ശ്രീ. വി. കെ. സി. മമ്മത് കോയ : വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ഇ.എം.എസ്./എം.എൻ. ഭവന പദ്ധതികൾ പുനരുജ്ജീവിപ്പിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ഒന്നും രണ്ടും ഗഡുക്കൾ വാങ്ങി ഭാഗികമായി പണിത ഒരു ലക്ഷത്തോളം വീടുകൾ ഇന്നുണ്ട്. രണ്ടുമുതൽ അഞ്ചുസെന്റുവരെ ഭൂമിയുള്ളതും സ്വന്തമായി വീടില്ലാത്തതുമായ ആളുകൾ രേഖയിൽ നിലമെന്ന് കാണിച്ചതിനാൽ വീട് വയ്ക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇക്കാര്യം ഗൗരവമായി പരിശോധിച്ച് പാവപ്പെട്ടവർക്ക് വീടുവയ്ക്കാൻ

അനുവാദം നൽകണം. 2014-2015 കാലയളവിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ 41 ശതമാനം ഫണ്ട് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. സഞ്ചിത നിധിയിൽ നിന്ന് പബ്ലിക് അക്കൗണ്ടിലേക്ക് പണം മാറ്റാതെ 110 ദിവസംവരെ കാലതാമസം വരുത്തിയതായാണ് ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്നത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ കുടിവെള്ളം എത്തിക്കാൻവേണ്ടി 2500 കോടി രൂപ ചെലവഴിച്ചെങ്കിലും ഇതുവരെയും വെള്ളം ലഭ്യമായിട്ടില്ല. കേരളത്തിലെ കുളങ്ങളും നദികളും കായലുകളും സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. മുൻസർക്കാരിന്റെ കെടുകാര്യസ്ഥതമൂലം കോഴിക്കോട് സ്റ്റീൽ കോംപ്ലക്സ്, തിരുവണ്ണൂർ കോട്ടൺ മിൽ എന്നിവ പ്രവർത്തനരഹിതമാണ്. കയർത്തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പുവരുത്തി കയർമേഖലയെ സംരക്ഷിക്കാനും ആധുനികവത്ക്കരണവും ഉല്പാദന വർദ്ധനവും ഉറപ്പു വരുത്താൻ 50 ശതമാനം സബ്സിഡി നൽകാനുമുള്ള തീരുമാനം സ്വാഗതാർഹമാണ്. കോഴിക്കോട് വേങ്ങേരിയിൽ കാർഷിക വിപണന കേന്ദ്രത്തിലേക്ക് വാടകമുറിയിൽ പ്രവർത്തിക്കുന്ന മണ്ണുത്തി അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ ഔട്ട്ലെറ്റും കൃഷി ഡയറക്ടറുടെ ഓഫീസും മാറ്റി സ്ഥാപിക്കണം. ഞെളിയംപറമ്പിൽ കുന്നുകൂടി കിടക്കുന്ന മാലിന്യം നീക്കം ചെയ്യുതിനാവശ്യമായ

സാമ്പത്തിക സഹായം നൽകണം. കോഴിക്കോട് ജില്ലയിൽ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളെ കടൽഭിത്തി കെട്ടി സംരക്ഷിക്കണം. ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ റോഡ്സൈഡിൽ നിന്നും മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. കെ. എസ്. ശബരീനാഥൻ: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. അഞ്ചു വർഷംകൊണ്ട് യു.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളെയും ക്ഷേമപ്രവർത്തനങ്ങളെയും കുറച്ചു കാണിക്കാനാണ് ബഡ്ജറ്റിലൂടെ ശ്രമിക്കുന്നത്. 2011-ൽ 12,000 കോടി രൂപയായിരുന്ന റവന്യൂ എക്സ്പെൻഡിച്ചർ 2016 -ൽ 30000 കോടി രൂപയായി എന്നുപറയുന്നുണ്ടെങ്കിലും Other Revenue expenditure കൂടിയത് ഏതൊക്കെ വകുപ്പുകളിലാണെന്ന് പറയുന്നില്ല. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് കേരളത്തിൽ പുതിയ മെഡിക്കൽ കോളേജുകളും പുതിയ താലൂക്കുകളും അനുവദിച്ചതും 45000 പുതിയ തസ്തികകൾ സൃഷ്ടിച്ചതും തിരുവനന്തപുരത്തെ സ്റ്റാർട്ട് അപ് വില്ലേജിന്റെ ഒന്നാംഘട്ടം ആരംഭിച്ചതും 234 ജെസ്സിഫാം തൊഴിലാളികളെ സ്ഥിരപ്പെടുത്തിയതും യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. അതെല്ലാം റവന്യൂ എക്സ്പെന്റിച്ചറിലാണ് ഉൾപ്പെടുന്നത്. ഇതൊരു ഔട്ട്സോഴ്സ് ബഡ്ജറ്റാണ്. കിഫ്ബി മുഖേന

നടപ്പിലാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കാൻ കഴിയാതിരുന്നാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തിനെക്കുറിച്ച് ആലോചിക്കണം. ബഡ്ജറ്റ് പ്രസംഗത്തിന്റെ ഉപസംഹാരത്തിൽ ചേർത്തിരിക്കുന്ന സംസ്ഥാന സർക്കാരിന്റെ വരവ്-ചെലവ് കണക്കുകളുടെ പട്ടിക ഏത് വർഷത്തേതാണെന്ന് വ്യക്തമാക്കണം.

<u>ശ്രീമതി സി. കെ. ആശ</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. വൈക്കം മണ്ഡലത്തിന് ബഡ്ജറ്റിൽ അർഹമായ പരിഗണന നൽകിയതിന് നന്ദി അറിയിക്കുന്നു. എം.എൻ. ലക്ഷം വീട് പദ്ധതിയും ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതിയും പുനരാരംഭിച്ചത് അഭിനന്ദനാർഹമാണ്. അങ്കണവാടി ടീച്ചർമാരുടെയും ഹെൽപ്പർമാരുടെയും ശമ്പള വർദ്ധന യാഥാർത്ഥ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിവരുന്ന അധികച്ചെലവിന്റെ പകുതി ബാധ്യത സർക്കാർ ഏറ്റെടുക്കാൻ തയ്യാറായതും പുന്നപ്ര വയലാർ സമരസേനാനികളുടെ ഡി.എ. കുടിശ്ശിക നൽകുവാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയതും ശ്ലാഘനീയമാണ്. അതിക്രമങ്ങളിൽ നിന്നും ലഹരി ഉപഭോഗത്തിൽ നിന്നും ഭാവിതലമുറയെ സംരക്ഷിക്കുന്നതിനും സ്ത്രീകൾക്കുവേണ്ടി ആരംഭിക്കുന്ന പുതിയ വകുപ്പിൽ കുട്ടികളെക്കൂടി ഉൾപ്പെടുത്തി വിപുലപ്പെടുത്താനും അവർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ അതിവേഗം തീർപ്പുകല്പിക്കുന്നതിനുള്ള

നിയമസംവിധാനം ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം. വംശനാശ ഭീഷണി നേരിടുന്ന വെച്ചൂർ പശുവിന്റെ തനത് ജനസ്സ് നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കണം. മാധ്യമ-പത്രപ്രവർത്തനരംഗത്തെ അടിസ്ഥാന സ്രോതസ്സായി പ്രവർത്തിക്കുന്ന പ്രാദേശിക ലേഖകൻമാർക്കും ഫോട്ടോഗ്രാഫർമാർക്കും വ്യക്തമായ സേവന-വേതന വ്യവസ്ഥകളും ക്ഷേമനിധിയും ആരോഗ്യസുരക്ഷാ പദ്ധതിയും ഏർപ്പെടുത്തി അവരുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കണം. സർക്കാർ കോളേജുകളിൽ പുതുതായി അനുവദിക്കുന്ന കോഴ്സുകളിൽ മാധ്യമ പഠനത്തിന് പ്രത്യേക പരിഗണന നൽകണം. കൈത്തറി-ഖാദി മേഖലകളിൽ മിനിമം വേജസ് നടപ്പാക്കുന്നതിനും അവർക്ക് മാസശമ്പളം നൽകുന്നതിനുമുള്ള നടപടിയെടുക്കണം. ഗ്രാമവ്യവസായത്തിനായി ബഡ്ജറ്റിൽ നീക്കിവച്ച തുക തഴപ്പായ നിർമ്മാണ വ്യവസായത്തിനുംകൂടി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. തൊഴിലുറപ്പ് പദ്ധതി വിഭാവന ചെയ്യുന്ന 100 തൊഴിൽദിനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി തരിശുനിലങ്ങളെ കൃഷിയോഗ്യമാക്കുകയും ജൈവകൃഷി തൊഴിലുറപ്പ് പദ്ധതിക്കുകീഴിൽ കൊണ്ടുവരികയും വേണം.

<u>ശ്രീ. സി. കെ. നാണു:</u> വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു.

കടലോരമേഖലകളുടെ സംരക്ഷണത്തിനായി ശാസ്ത്രീയമാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തിയ ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. ബാങ്കിംഗ് മേഖലകൾ സംയോജിപ്പിച്ച് വൻകിട കുത്തകകളെ സംരക്ഷിക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. കാർഷിക-വിദ്യാഭ്യാസ- വ്യവസായ മേഖലകളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സംസ്ഥാനത്തിന്റെ സാമ്പത്തിക സൗകര്യങ്ങളും വിഭവങ്ങളും പ്രയോജനപ്പെടുത്തുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി. :</u> വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ഭരണപ്രതിപക്ഷഭേദമെന്യേ സഭയിൽ ഉയർന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കണക്കിലെടുത്ത് പോരായ്മകൾ പരിഹരിക്കാൻ തയ്യാറായ ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. ജനങ്ങളുടെ മേൽ അമിത നികുതിഭാരം അടിച്ചേൽപ്പിക്കുകയും സംസ്ഥാനത്തിന്റെ വളർച്ചയെ മുരടിപ്പിക്കുകയും ചെയ്യുന്ന നികുതി നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുടനീളം കാണാൻ കഴിയുന്നത്. ചരക്ക് വാഹനങ്ങളുടെ നികുതിയും റോഡ് ടാക്സും വർദ്ധിപ്പിക്കുന്നത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിനും സാധാരണക്കാരുടെ ജീവിതം കൂടുതൽ ദുഷ്കരമാക്കുന്നതിനും ഇടയാക്കും. അന്തരീക്ഷ മലിനീകരണം തടയാനുള്ള

ഹരിത ട്രിബ്യൂണലിന്റെ വിധി സ്വാഗതാർഹമാണെങ്കിലും വാഹനങ്ങളുടെ കാലപ്പഴക്കം നിർണ്ണയിച്ചതിലൂടെ സാധാരണക്കാർക്ക് ഉണ്ടാകാൻ പോകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ബഡ്ജറ്റിൽ പരാമർശിക്കാത്തത് ഖേദകരമാണ്. രണ്ട് വർഷത്തേക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കില്ലെന്ന ബഡ്ജറ്റ് പ്രഖ്യാപനവും നന്ദിപ്രമേയത്തിലും തെരഞ്ഞെടുപ്പ് പ്രകടനപത്രികയിലും പറഞ്ഞിട്ടുള്ള തൊഴിൽ വാഗ്ദാനവും എങ്ങനെ പാലിക്കപ്പെടുമെന്ന് വ്യക്തമാക്കണം. പദ്ധതി വിഹിതത്തേക്കാൾ ഉയർന്ന വികസനേതര ചെലവും നികുതിഭാരവും ജനജീവിതം ദുസ്സഹമാക്കും. കടമെടുക്കുന്നതിനെക്കുറിച്ച് പറയുകയും നികുതിയേതര വരുമാനത്തെക്കുറിച്ച് പറയാതിരിക്കുകയും ചെയ്യുന്നതിലൂടെ സർക്കാർ സംസ്ഥാനത്തെ കടക്കെണിയിലേക്ക് തള്ളി വിടുകയാണ് ചെയ്യുന്നത്. തീരദേശ മത്സ്യത്തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രത്യേക പാക്കേജ് തയ്യാറാക്കുന്നതിനും കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിനുവേണ്ടി എടുത്ത സ്ഥലത്തിന് മാർക്കറ്റ് വില നൽകുന്നതിനും സന്നദ്ധമാകണം. വള്ളിക്കുന്നം മണ്ഡലത്തിൽ ഇരുമ്പോത്തിക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ് യാഥാർത്ഥ്യമാക്കുന്നതിനും ആനങ്ങാടി മുതൽ കടലുണ്ടി വരെ വരുന്ന മിനി ഹാർബർ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. എൻ. ഷംസീർ:</u> വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താനും യുവ സംരംഭങ്ങൾക്ക് ഉപാധിരഹിത വായ്പ അനുവദിക്കാനും തയ്യാറായ സർക്കാരിനെ അഭിനന്ദിക്കുന്നു. ആശുപത്രികളുടെ ഇൻഫ്രാസ്ട്രക്ചർ വികസിപ്പിക്കുന്നതിനും സ്കൂളുകൾ ഹൈടെക് രീതിയിലാക്കുന്നതിനും സമസ്ത മേഖലകളുടെയും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമാവശ്യമായ തുക വകയിരുത്തിയ നടപടി ശ്ലാഘനീയമാണ്. കണ്ണൂർ എയർപോർട്ട്, സ്മാർട്ട് സിറ്റി, മെട്രോ റയിൽ, വിഴിഞ്ഞം അന്താരാഷ്ട്രതുറമുഖ വികസനം എന്നിവയെല്ലാം മുൻ സർക്കാരിന്റെ സ്വപ്നപദ്ധതികളായിരുന്നു.

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. സാധാരണക്കാരന്റെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന നികുതി നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്. ചരക്ക് വാഹനങ്ങളുടെ നികുതി വർദ്ധന വിലക്കയറ്റത്തിന് കാരണമാകും. വെളിച്ചെണ്ണയുടെ വില വർദ്ധനവ് കേരകർഷകന് സഹായകരമാണെങ്കിലും സാധാരണക്കാർക്ക് ഇത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കും. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമിയിടപാടിലെ ആധാരമുദ്രവില വസ്തുവിലയുടെ 3 ശതമാനമായി വർദ്ധിപ്പിച്ച നടപടി പിൻവലിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ

മെച്ചപ്പെടുത്തി മെഡിക്കൽ കൗൺസിൽ അംഗീകാരം നേടിയെടുക്കുന്നതിനും ഇടുക്കി മെഡിക്കൽ കോളേജിന്റെ പോരായ്മകൾ പരിഹരിച്ച് അംഗീകാരം പുന:സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ പണം നീക്കിവയ്ക്കാത്തത് ഖേദകരമാണ്. ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ 361 അദ്ധ്യാപകർക്ക് കഴിഞ്ഞ നാല് മാസമായി ലഭിക്കാത്ത വേതനം നൽകുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. കാരാട്ട് റസാഖ്</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കർഷകരെയും കാർഷികമേഖലയെയും തകർക്കുന്ന നയസമീപനങ്ങളാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. കാർഷിക വിളകളുടെ ഉത്പാദനവും കൃഷിഭൂമിയുടെ വിസ്തൃതിയും കുറഞ്ഞു വരികയാണ്. വിപണിയിടപെടൽ പരാജയമാകുകയും ത്രിവേണി സ്റ്റോറുകളും നന്മ സ്റ്റോറുകളും അടച്ചുപൂട്ടുകയും ചെയ്തു. ഒരു രൂപയ്ക്കും രണ്ടുരൂപയ്ക്കും അരി നൽകുമെന്ന വാഗ്ദാനം നടപ്പാക്കപ്പെട്ടില്ല. അഴിമതി രഹിതമായ ഭരണം ഈ ഗവൺമെന്റ് കാഴ്ചവയ്ക്കുമെന്ന് പ്രത്യാശിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ് :</u> അഴിമതിക്ക് കൂട്ടുനിൽക്കുന്ന വക്കീലന്മാർക്കെതിരെ ജാഗ്രതയോടെയുള്ള പ്രവർത്തനം കാഴ്ചവയ്ക്കാൻ ഗവൺമെന്റ് തയ്യാറാകണം. കെ.എസ്.ആർ.ടി.സി.യെ മൂന്ന് കോർപ്പറേഷനുകളായി വിഭജിച്ച് ലാഭകരമായി

പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. മുല്ലക്കര രത്നാകരൻ: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ഖജനാവിലെ പണം ജനോപകാരപ്രദമായ പദ്ധതികൾക്ക് വിനിയോഗിച്ച് അതിന്റെ ഗുണഫലം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും കേരള ജനതയെ ആത്മഹത്യയിൽ നിന്നും രക്ഷിക്കുന്നതിനും വേണ്ടി അവതരിപ്പിച്ച ബഡ്ജറ്റ് എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റുന്നതാണ്. കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് ഭരണ-പ്രതിപക്ഷ ഭേദമെന്യേ പിന്തുണ നൽകാൻ തയ്യാറാകണം. വികസന പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും സഹായസഹകരണമുണ്ടാകണം. കേരളത്തിന്റെ ഭാവിക്ക് ഒട്ടേറെ പ്രതീക്ഷകൾ നൽകുന്ന ബഡ്ജറ്റാണിത്.

ശ്രീ. മുരളി പെരുനെല്ലി: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കേരളത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിനും ക്ഷേമത്തിനുംവേണ്ടി പ്രവർത്തിക്കുന്നതിനുപകരം അഴിമതിയും കെടുകാര്യസ്ഥതയും മുഖമുദ്രയാക്കിയ ഒരു ഗവൺമെന്റായിരുന്നു കഴിഞ്ഞ അഞ്ച് വർഷം കേരളം ഭരിച്ചത്. ഭൂമാഫിയകളിൽ നിന്നും ഭൂമി തിരിച്ചുപിടിച്ച് ഭൂരഹിതർക്ക് നൽകുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഭൂമാഫിയകളെ സംരക്ഷിക്കുകയും സ്കൂളുകൾ അടച്ചുപൂട്ടുകയും ചെയ്യുന്ന സമീപനമാണ്

സ്വീകരിച്ചിരുന്നതെങ്കിൽ ഈ സർക്കാർ അതിന് വിരുദ്ധമായ നിലപാടാണ് സ്വീകരിക്കുന്നത്.

ശ്രീ. അനിൽ അക്കര: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന് അനുവദിച്ച ജനറൽ പർപ്പസ് ഗ്രാന്റ് 100 ശതമാനമായി വർദ്ധിപ്പിക്കുന്നതിനും കാരുണ്യ ചികിത്സാ സഹായ പദ്ധതിക്കും എം.എൻ. ഭവന നിർമ്മാണ പദ്ധതിക്കും പ്രോത്സാഹനം നൽകുന്നതിനും നടപടി സ്വീകരിക്കണം. 100 ചതുരശ്ര അടിക്ക് താഴെയുള്ള കെട്ടിടങ്ങളുടെ നികുതി കുറയ്ക്കുന്നതിനും അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിക്ക് പണം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. ഗ്രാമ വികസന വകുപ്പിനെ തദ്ദേശഭരണ വകുപ്പുമായി ഏകോപിപ്പിക്കുമ്പോൾ അവയുടെ പ്രവർത്തനത്തിനാവശ്യമായ തുകയുംകൂടി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. കെ. ജെ. മാക്സി: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ക്ഷേമ പെൻഷൻ വർദ്ധനവ്, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, പാർപ്പിട പദ്ധതി, കെട്ടിടനിർമ്മാണ പൂർത്തീകരണം എന്നീ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. പഞ്ഞമാസ സമാശ്വാസ പദ്ധതി, കടാശ്വാസ പദ്ധതി, കടലാക്രമണ ഭീഷണി നേരിടുന്നവർക്ക് ധനസഹായം, മത്സ്യത്തൊഴിലാളികളെ

മാറ്റിപ്പാർപ്പിക്കൽ, ആഴക്കടൽ മത്സ്യബന്ധനം, കൊച്ചി സമഗ്ര വികസന പദ്ധതി എന്നിവയ്ക്ക് ബഡ്ജറ്റിൽ കൂടുതൽ തുക നീക്കിവച്ചിട്ടുള്ളത് ശ്ലാഘനീയമാണ്.

ശ്രീ. ആന്റണി ജോൺ: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും എൽ.ഡി.എഫ്. ഗവൺമെന്റ് കർഷകരെ സംരക്ഷിക്കുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ആരോഗ്യ മേഖലയെ പരിരക്ഷിക്കുമെന്നും 1000 പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുമെന്നും പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുമെന്നുമുള്ള പ്രഖ്യാപനങ്ങളും സ്റ്റേഡിയങ്ങൾക്കുവേണ്ടി ഫണ്ട് അനുവദിച്ചതും സ്വാഗതാർഹമാണ്.

ശ്രീ. പി. കെ. ബഷീർ: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് പന്ത്രണ്ടരലക്ഷം ആളുകൾക്ക് ക്ഷേമപെൻഷനുകൾ നൽകിയെങ്കിൽ യു.ഡി.എഫ്. ഗവൺമെന്റ് 36 ലക്ഷം പേർക്ക് ക്ഷേമപെൻഷനുകൾ വിതരണം ചെയ്തു. റേഷൻ കടകൾ നവീകരിക്കുന്നതിന് കെ.എസ്.എഫ്.ഇ.-യുമായി ചേർന്ന് പലിശരഹിത വായ്പ നൽകുമെന്ന് പറയുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കണം. പാവപ്പെട്ടവർക്കും രോഗികൾക്കും ഇത്തരത്തിൽ പലിശരഹിത വായ്പ കൊടുക്കാൻ നടപടിയുണ്ടാകണം.

<u>ശ്രീ. ഡി. കെ. മുരളി:</u> വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. മാന്ദ്യവിരുദ്ധ പാക്കേജിനെ സംബന്ധിച്ച് പ്രതിപക്ഷം പങ്കുവച്ച ആശങ്കകൾക്ക് അടിസ്ഥാനമില്ല. പൊതുമുതൽ സ്വകാര്യമേഖലയ്ക്ക് തീറെഴുതികൊടുക്കുന്ന സമീപനമാണ് മുൻസർക്കാരിന്റെ കാലത്തുണ്ടായിരുന്നത്. പരാജയത്തിൽ നിന്നും പാഠമുൾക്കൊള്ളാൻ കോൺഗ്രസ് പാർട്ടി തയ്യാറാകണം. ക്രമസമാധാനപാലനത്തെ സംബന്ധിച്ച് വ്യാജപ്രചാരണങ്ങൾ നടത്തുന്ന പ്രതിപക്ഷ നിലപാട് ഖേദകരമാണ്. കേരളത്തിന്റെ വികസനം യാഥാർത്ഥ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്.

<u>ശ്രീ. എ. എം. ആരിഫ്:</u> വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ബഡ്ജറ്റിനെ വിറ്റു കാശാക്കുന്ന സമീപനമാണ് മുൻ സർക്കാർ സ്വീകരിച്ചിരുന്നത്. ബഡ്ജറ്റിലെ പൊതുവായ നിർദ്ദേശങ്ങളെ ധനകാര്യ വിദഗ്ദ്ധരടക്കം പിന്തുണയ്ക്കുന്നു എന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്. ബഡ്ജറ്റേതര വരുമാനത്തെ ഉപയോഗപ്പെടുത്താനുള്ള ശ്രമത്തെ വിമർശിക്കുന്ന പ്രതിപക്ഷ നിലപാട് ശരിയല്ല. വിലക്കയറ്റം പിടിച്ചുനിർത്താൻ മുൻ എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ച നടപടികൾ അന്നത്തെ കേന്ദ്ര സർക്കാരിന്റെ പ്രശംസയ്ക്ക് പാത്രമായിട്ടുണ്ട്. ഭക്ഷണം, പാർപ്പിടം, തൊഴിൽ, സാമൂഹ്യക്ഷേമം, പശ്ചാത്തലവികസനം തുടങ്ങി എല്ലാ

മേഖലകളെയും സ്പർശിച്ചുകൊണ്ടുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. വി. എസ്. ശിവകുമാർ : വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. വിഴിഞ്ഞം തുറമുഖം, കൊച്ചി മെട്രോ, കണ്ണൂർ എയർപോർട്ട്, സ്മാർട്ട് സിറ്റി, എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ തുടങ്ങിയ അനേകം വൻകിട പദ്ധതികൾ നിശ്ചയദാർഢ്യത്തോടെ നടപ്പാക്കാൻ യു.ഡി.എഫ്. സർക്കാരിന് സാധിച്ചിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട്, സുകൃതം പദ്ധതി, കോക്ലിയർ ഇംപ്ലാന്റേഷൻ, സൗജന്യ മരുന്നുവിതരണം തുടങ്ങിയ ക്ഷേമ പദ്ധതികൾ കഴിഞ്ഞ ഗവൺമെന്റ് നടപ്പാക്കിയിട്ടുണ്ട്. യു.ഡി.എഫ്. സർക്കാർ ആവിഷ്കരിച്ച സൗജന്യ ചികിത്സാ പദ്ധതികൾ ഉൾപ്പെടെയുള്ളവ അട്ടിമറിക്കാനുള്ള ശ്രമമാണ് ഈ സർക്കാർ നടത്തുന്നത്. മാന്ദ്യവിരുദ്ധ പാക്കേജിന്റെ സഹായമില്ലാതെ അഞ്ച് മെഡിക്കൽ കോളേജുകളിലായി 1000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ മുൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. മുൻ സർക്കാർ ആരംഭിച്ച കാരുണ്യ ലോട്ടറി അവകാശമാക്കുമെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു. അക്രമരാഷ്ട്രീയം അവസാനിപ്പിച്ച് നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റാൻ സർക്കാർ മുൻകയ്യെടുക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

മുടങ്ങിക്കിടക്കുന്ന ഇ.എം.എസ്. ഭവന പദ്ധതി ഉൾപ്പെടെയുള്ള പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കിഫ്ബിയിൽ തുക നിക്ഷേപിക്കുന്നവർക്ക് പെട്രോളിന് ചുമത്തിയിട്ടുള്ള സെസും മോട്ടോർവാഹന നികുതിയിനത്തിൽ ലഭിക്കുന്ന വരുമാനത്തിന്റെ പകുതിയും നൽകി തിരിച്ചടവ് ഉറപ്പുവരുത്തുന്നതാണ്. നികുതി പിരിവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളിൽ മാറ്റം വരുന്നതനുസരിച്ച് നിയമത്തിൽ ഉചിതമായ ഭേദഗതി കൊണ്ടുവരുന്നതാണ്. റിസർവ് ബാങ്കും സെബിയും അംഗീകരിച്ച നൂതന ധനസമാഹരണ സംവിധാനങ്ങളിലൂടെ ബോണ്ട് ഇറക്കി പണം സമാഹരിക്കാനാണുദ്ദേശിക്കുന്നത്. എസ്.ബി.ഐ. ക്യാപ്പിറ്റൽ നടത്തിയ പഠനത്തിന്റെ ഫലമായി കോൺട്രാക്ടർമാരുടെ ബിൽ ഡിസ്കൗണ്ടിംഗ് സ്കീം നടപ്പിലാക്കി. ബിൽ സമർപ്പിക്കുന്ന സമയത്തുതന്നെ കോൺട്രാക്ടർക്ക് ഓൺലൈനായി പണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പാർപ്പിട പദ്ധതിക്കായി സഹായം ആവശ്യപ്പെടുന്ന പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ആവശ്യമായ ധനസഹായം നൽകുന്നതാണ്. സംസ്ഥാന ന്യൂനപക്ഷ വികസന കോർപ്പറേഷന് 15 കോടി രൂപമാത്രമാണ് നീക്കിവച്ചിരിക്കുന്നതെന്ന അഭിപ്രായം അടിസ്ഥാനരഹിതമാണ്. വിവാഹമോചനം നേടിയ സ്ത്രീകൾക്കും വിധവകൾക്കും വീട് വയ്ക്കുന്നതിനുള്ള 31

കോടി രൂപയും ന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടിയുള്ള ഫണ്ടിൽ ഉൾപ്പെടും. വൈറ്റില ഫ്ലൈഓവറിന് മുൻ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക നൽകുന്നതാണ്. പി.ഡബ്ല്യു.ഡി. വർക്കുകൾക്ക് നീക്കിവച്ചിട്ടുള്ള തുക ബഡ്ജറ്റ് പ്രകാരം നൽകുന്നതാണ്. പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധിയിലേക്ക് മുൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ച രണ്ടുകോടി രൂപ അക്കൗണ്ടിൽ വന്നിട്ടില്ലെങ്കിൽ ആവശ്യമായ പണം വകയിരുത്തുന്നതാണ്. ഖാദി തൊഴിലാളികളുടെ റിബേറ്റ് കുടിശ്ശിക അടിയന്തരമായി കൊടുക്കുന്നതാണ്. അടുത്ത വർഷം മുതൽ ഖാദി ഉല്പന്നങ്ങൾ സർക്കാർ ആശുപത്രികൾക്കും സ്കൂൾ യൂണിഫോമിനും വാങ്ങി നൽകുന്നതാണ്. വ്യവസായ വകുപ്പ് തഴപ്പായ നിർമ്മാണത്തെക്കുറിച്ച് വിശദമായി പഠിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഫ്ലോർ ഏരിയ അടിസ്ഥാനത്തിൽ നികുതി നിശ്ചയിക്കുമ്പോൾ വൻവർദ്ധനവ് വരുമെന്ന അഭിപ്രായത്തോട് യോജിക്കുന്നില്ല. മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിനായി മുൻ ബഡ്ജറ്റിലുണ്ടായിരുന്ന തുക നിലനിർത്തിയിട്ടുണ്ട്, ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ തുക അനുവദിക്കുന്നതാണ്. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് കൂടുതൽ തുക അനുവദിക്കുന്ന കാര്യം ധനസ്ഥിതി

പരിശോധിച്ചശേഷം തീരുമാനിക്കുന്നതാണ്. വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ചർച്ചയ്ക്കിടയിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന സംശയങ്ങൾക്ക് വ്യക്തത വരുത്തുന്നതാണ്. കരഭൂമി കൈവശമില്ലാത്തവർക്ക് വീടുവയ്ക്കുന്നതിനായി കോർപ്പറേഷൻ പരിധിയിൽ മൂന്ന് സെന്റും മുൻസിപ്പാലിറ്റിയിൽ അഞ്ച് സെന്റും പഞ്ചായത്തിൽ 10 സെന്റും നിലം നികത്താൻ അനുവാദം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടില്ലാത്തവർക്ക് വീടും നൽകുന്നതിനും ഇരട്ടവീടുകൾ ഒറ്റവീടാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കണമെന്ന പ്രമേയം 44-നെതിരെ 90 വോട്ടുകളോടെ പാസ്സാക്കുകയും ഒരംഗം നിഷ്പക്ഷത പാലിക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## V നിയമനിർമ്മാണകാര്യം

2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

### ക്രമപ്രശ്നം

ധനകാര്യ മെമ്മോറാണ്ടത്തിലെ ആവശ്യകത

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബിൽ നിയമമാകുമ്പോൾ ആവർത്തനവും അനാവർത്തനവുമായ മതിപ്പുചെലവ് ധനകാര്യ മെമ്മോറാണ്ടത്തിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. ബിൽ പ്രാബല്യത്തിൽ വരുമ്പോൾ സഞ്ചിത നിധിയിൽ നിന്നും വൻതുക ചെലവഴിക്കാനിടയാകും. ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ ഈ യാഥാർത്ഥ്യം മറച്ചുപിടിക്കുകയാണ് ചെയ്തിരിക്കുന്നത്. ഈ ബിൽ 1974-ലെ ഭഗവാൻദാസ് സെഗാൾ Vs സ്റ്റേറ്റ് ഓഫ് ഹരിയാന കേസിലെ സുപ്രീംകോടതി

വിധിയുടെ അന്തസ്സത്തയ്ക്കെതിരാണ്. പാർലമെന്റ് അംഗങ്ങൾക്കോ നിയമസഭാംഗങ്ങൾക്കോ സർക്കാർ സ്ഥാനങ്ങൾ നൽകി ഭരണകൂടത്തിന്റെ സ്ഥാപിത വലയത്തിൽ കൊണ്ടുവരുന്നത് തടയുന്നതിനാണ് ഓഫീസ് ഓഫ് പ്രോഫിറ്റ് എന്ന ആശയം കൊണ്ടുവന്നത്. ഭരണഘടന പ്രകാരം എം.എൽ.എ.യോ എം.പി.യോ ആയ വ്യക്തി ഓഫീസ് ഓഫ് പ്രോഫിറ്റിന്റെ പരിധിയിൽ വന്നാൽ അയോഗ്യത കൽപ്പിക്കപ്പെടുന്നത് മറികടക്കാനാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. ഭരണഘടന നൽകിയ അധികാരം ഉപയോഗിച്ച് നിയമ ഭേദഗതി വരുത്തുന്നത് യുക്തിപൂർവ്വമായിരിക്കണം. കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടതിന്റെയും ഗവർണ്ണർക്ക് പരാതി നൽകിയതിന്റെയും അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള നിയമം ഇതിനുമുൻപ് കൊണ്ടുവന്നിട്ടുള്ളത്. ഈ ബിൽ ഭരണഘടനയുടെ 191 1(A) വകുപ്പിന് എതിരായതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്.

<u>ശ്രീ. എം. ഉമ്മർ</u>: ഈ ബിൽ യുക്തിരഹിതവും ചട്ടലംഘനവും ഭരണഘടനാ വിരുദ്ധവുമാണ്. ഭരണപരിഷ്കാര കമ്മീഷൻ നിയമസഭയുടെ ഭാഗമല്ല. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് ചെലവ് ചെയ്യണമെങ്കിൽ ഗവർണ്ണറുടെ അംഗീകാരം ആവശ്യമാണ്. ഗവർണ്ണറുടെ അംഗീകാരത്തോടുകൂടി രണ്ടാമത് അവതരിപ്പിക്കുന്നതിനായി ഈ ബിൽ പിൻവലിക്കണം.

ശ്രീ. വി. ഡി. സതീശൻ: ഈ ബില്ലിൽ ഫിനാൻഷ്യൽ മെമ്മോറാണ്ടം ചേർക്കാത്തതിന്റെ കാരണം ഗവൺമെന്റ് വ്യക്തമാക്കണം. ഭരണപരിഷ്കാര കമ്മീഷൻ നിലവിൽ വരുമ്പോൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് പണം ചെലവാക്കാൻ ഗവർണ്ണറുടെ അംഗീകാരം ആവശ്യമുണ്ട്. എന്നാൽ ഭരണപരിഷ്കാര കമ്മീഷൻ നിലവിൽ വരില്ലെന്നും ഇത് ഭാവിയിൽ എം.എൽ.എ.മാർക്ക് വേണ്ടിയുള്ള പ്രൊട്ടക്ഷനാണെന്നും ഗവൺമെന്റ് അസന്നിഗ്ദ്ധമായി പറഞ്ഞാൽ ഫിനാൻഷ്യൽ മെമ്മോറാണ്ടം ഒഴിവാക്കാം. അതിനാൽ തടസ്സവാദം ഉന്നയിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: പ്രസ്തുത ബിൽ രാഷ്ട്രീയ പ്രേരിതമാണ്. 1951 ഒക്ടോബർ 11 മുതൽ ഈ ബിൽ പ്രാബല്യത്തിൽ വരുന്നതാണ്. ഒന്നും മൂന്നും ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻമാർ മുഖ്യമന്ത്രിമാരായിരുന്നു. ആ മുഖ്യമന്ത്രിമാർ വഹിച്ച പദവി ഈ ബില്ലിൽ വരുന്നില്ല. ഈ ബില്ലിന്റെ പർപ്പസ് ലിമിറ്റഡാണ്, ഇതിന് ധനകാര്യ മെമ്മോറാണ്ടം ഇല്ല. എം.എൽ.എ. ആയ ആളിനെ കമ്മീഷൻ ചെയർമാനാക്കാനുള്ള ഉദ്ദേശ്യത്തോടുകൂടി കൊണ്ടുവന്ന ഈ ബില്ലിന് മുൻകാല പ്രാബല്യം ആവശ്യമില്ല. ഭരണപരിഷ്കാര കമ്മീഷന് ശമ്പളം നൽകുന്നത് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നാണ്. ഗവർണ്ണറുടെ അംഗീകാരമില്ലാതെ ഈ ബിൽ നിലനിൽക്കുന്നതല്ല.

<u>ശ്രീ. കെ. എം. മാണി</u>: പ്രസ്തുത ബിൽ കൊണ്ടുവരുന്നതിന്റെ ഉദ്ദേശ്യവും ആർക്കുവേണ്ടിയാണെന്നുള്ളതും സർക്കാർ മറച്ചു വച്ചിരിക്കുകയാണ്. ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ നിലവിൽ ശമ്പളം വാങ്ങാത്തതിനാൽ ഓഫീസ് ഓഫ് പ്രോഫിറ്റ് അല്ല. ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന് ശമ്പളം നൽകണമെങ്കിൽ പേമെന്റ് ഓഫ് സാലറീസ് ആക്ട് ഭേദഗതി ചെയ്യുകയും ഗവർണ്ണർ ശിപാർശ ചെയ്യുകയും വേണം. എക്സിക്യൂട്ടീവ് ഓർഡർ അനുസരിച്ച് സ്റ്റാറ്റ്യൂട്ടറി ആക്ട് ഭേദഗതി ചെയ്യാൻ കഴിയുകയില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ബാലൻ)</u>: ഈ ബിൽ വളരെ ലളിതമാണ്. ഭരണഘടനയുടെ 191 1(A) പ്രകാരം ഈ ബിൽ കൊണ്ടുവരുന്നതിന് നിയമസഭയ്ക്ക് അധികാരമുണ്ട്. 2012-ൽ ചീഫ് വിപ്പിന് ക്യാബിനറ്റ് പദവി നൽകുന്നത് സംബന്ധിച്ച് വിവാദമുണ്ടായപ്പോഴാണ് ഇത്തരത്തിൽ ഒരു നിയമം കൊണ്ടുവന്നിട്ടുള്ളത്. ഈ ബിൽ ഭഗവാൻ ദാസ് സെഗാൾ vs സ്റ്റേറ്റ് ഓഫ് ഹരിയാന കേസ്സിലെ സുപ്രീംകോടതി വിധിക്ക് എതിരല്ല. ആർട്ടിക്കിൾ 191 1(എ) പ്രകാരം നിയമസഭാംഗത്തിന് ആദായകരമായ മറ്റ് പദവികൾ വഹിക്കുന്നതിനുള്ള

വിലക്ക് നീക്കം ചെയ്യാൻ നിയമസഭയ്ക്ക് അധികാരമുണ്ടെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ പ്രതിപക്ഷനേതാവിന്റെ ആക്ഷേപങ്ങൾക്ക് പ്രസക്തിയില്ല. 2012-ലെ അയോഗ്യത നീക്കം ചെയ്യൽ ബില്ലിലും ഒരംഗത്തിന്റെ അയോഗ്യത നീക്കുന്നതുമൂലം സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകില്ലെന്നാണ് പരാമർശിച്ചിട്ടുള്ളത്. പ്രസ്തുത ബില്ലിന് സമാനമായിട്ടുള്ളതാണ് ഈ ബിൽ. ബില്ലിന്റെ ഭാഗമായി ഭരണപരിഷ്കാര കമ്മീഷനെ നിയമിക്കുന്നില്ല. ഒരു നിയമസഭാംഗം ഭരണപരിഷ്കാര കമ്മീഷൻ അദ്ധ്യക്ഷപദവി വഹിക്കുന്നതുമൂലം ഉണ്ടാകാവുന്ന അയോഗ്യത പരിഹരിക്കാനുതകുന്നതായിരിക്കും ഈ ബിൽ. "പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ് എന്നിവരെ ആദായകരമായ ഉദ്യോഗത്തിൻകീഴിലെ, അയോഗ്യതയിൽനിന്നും ഒഴിവാക്കുന്നതിനായി 1951-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ആക്റ്റ് 2012-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ആക്റ്റ് പ്രകാരം ഭേദഗതി ചെയ്തു. നിയമസഭയിലെ ഏതെങ്കിലും ഒരംഗത്തെ ഭരണപരിഷ്കാര

കമ്മീഷന്റെ ചെയർമാനായി നിയമിക്കുന്ന സംഗതിയിൽ അപ്രകാരമുള്ള നിയമനം ലഭിച്ച അംഗം നിയമസഭാംഗമായി തുടരാൻ അയോഗ്യനാകുന്നതാണ്. അതിനാൽ അപ്രകാരമുള്ള അയോഗ്യത നീക്കം ചെയ്യുന്നതിനായി മുൻകാലപ്രാബല്യത്തോടുകൂടി പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു" എന്ന് ബില്ലിലെ ഉദ്ദേശ്യകാരണങ്ങളിൽ പറഞ്ഞിട്ടുള്ളതിനാൽ പ്രതിപക്ഷം ഉന്നയിച്ച ആരോപണങ്ങളെല്ലാം അടിസ്ഥാനരഹിതമാണ്. അയോഗ്യത നീക്കം ചെയ്യലിലൂടെ യാതൊരു ചെലവും വരാത്തതിനാൽ ഈ ബില്ലിൽ ഫിനാൻഷ്യൽ മെമ്മോറാണ്ടം ആവശ്യമില്ല. 1979-ൽ നിയമസഭാംഗത്തിന് കമ്പനി, കോർപ്പറേഷൻ ഡയറക്ടർ, ചെയർമാൻ പദവികൾ വഹിക്കുന്നതിന് നിയമ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. പേമെന്റ് ഓഫ് സാലറീസ് ആന്റ് അലവൻസ് ആക്ട് എന്നതിന് 1951-ലെ ആക്റ്റിന്റെ ഭേദഗതി ആവശ്യമായി വരുന്നില്ല. നിയമസഭയുമായി ബന്ധമുള്ള പദവി മാത്രമേ ഒരംഗം വഹിക്കാവൂ എന്ന് പറയുന്നതിനോട് യോജിക്കാനാവില്ല. സബ്ജക്ട് കമ്മിറ്റിയിൽ ഇതുസംബന്ധിച്ച് കൂടുതൽ ചർച്ച ചെയ്യുന്നതാണ്.

<u>മി. സ്പീക്കർ</u>: **2016**-ലെ നിയമസഭ (അയോഗ്യത നീക്കംചെയ്യൽ) ഭേദഗതി ബില്ലിന്റെ അവതരണത്തിനെതിരെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, സർവ്വശ്രീ എം. ഉമ്മർ, വി. ഡി. സതീശൻ, കെ. സി. ജോസഫ്, കെ. എം. മാണി എന്നീ അംഗങ്ങൾ തടസ്സവാദം ഉന്നയിച്ചതിന് നിയമ വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി. ഇവിടെ ഉന്നയിക്കപ്പെട്ട പ്രധാന തടസ്സവാദം ബില്ലിനോടൊപ്പം ചേർത്തിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടം വസ്തുതാപരമല്ല എന്നതാണ്. ഏതെങ്കിലും ഒരംഗം ഭരണപരിഷ്കാര കമ്മീഷന്റെ ചെയർമാനായി നിയമിക്കപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത നിയമസഭാംഗത്തിന് ഭരണഘടനയുടെ 191-ാം അനുച്ഛേദ പ്രകാരം ഉണ്ടായേക്കാവുന്ന അയോഗ്യത നീക്കം ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടി മാത്രം നടത്തുന്ന ഒരു നിയമ ഭേദഗതിയാണിത്. ഈ അവസരത്തിൽ സഞ്ചിതനിധിയിൽ നിന്നും ചെലവാക്കുന്ന തുക സംബന്ധിച്ച കണക്ക് ധനകാര്യ മെമ്മോറാണ്ടത്തിൽ വ്യക്തമാക്കേണ്ട സാഹചര്യം ഉള്ളതായി കാണുന്നില്ല. ഏതെങ്കിലും ഒരാളെ ചെയർമാനാക്കാൻ നിർദ്ദേശമില്ലാത്തതിനാലും ഭരണപരിഷ്കാര കമ്മീഷൻ

രൂപീകരിക്കുന്നത് ഈ ബില്ലിന്റെ ഭാഗമല്ലാത്തതിനാലും ധനകാര്യ വിശകലനത്തെപ്പറ്റിയുള്ള തർക്കം പ്രസക്തമാകുന്നില്ല. മാത്രവുമല്ല ഇതുസംബന്ധിച്ച് മൂലനിയമം ഭേദഗതി ചെയ്തപ്പോഴൊക്കെ പ്രസ്തുത ബില്ലുകളോടൊപ്പം ചേർത്തിരുന്ന ധനകാര്യ മെമ്മോറാണ്ടവും സമാനമായിട്ടുള്ളതായിരുന്നതിനാൽ 2016-ലെ ഭേദഗതി ബില്ലിനോടൊപ്പം ചേർത്തിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടം വസ്തുതാപരമല്ലെന്ന വാദം നിലനിൽക്കുന്നതല്ല. മുൻ കാലങ്ങളിൽ മൂലനിയമം ഭേദഗതി ചെയ്തപ്പോഴൊക്കെ മൂലനിയമത്തിന്റെ പ്രാബല്യ തീയതി മുതൽ തന്നെയാണ് ഭേദഗതി നിയമങ്ങൾക്കും പ്രാബല്യം നൽകിയിട്ടുള്ളത്. അതിനാൽ അതിലും അപാകതയുള്ളതായി കാണുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ച കോടതി വിധിയും ചെയർ പരിശോധിക്കുകയുണ്ടായി. (ഭഗവാൻദാസ് സെഗാൾ vs സ്റ്റേറ്റ് ഓഫ് ഹരിയാന) പ്രസ്തുത കോടതി വിധിയിലൂടെ ഇപ്രകാരമുള്ള നിയമനിർമ്മാണത്തിന് സംസ്ഥാന നിയമസഭയ്ക്കുള്ള അധികാരത്തെ ഉറപ്പിക്കുകയും ഇതുസംബന്ധിച്ച നിയമനിർമ്മാണം

വിവേചനരഹിതമായിരിക്കണമെന്ന് അഭിപ്രായപ്പെടുകയാണ് ചെയ്തിട്ടുള്ളത്. ഇവിടെ ഉന്നയിക്കപ്പെട്ട മറ്റ് തടസ്സവാദങ്ങൾ ഭരണഘടന പ്രകാരമോ, നടപടിച്ചട്ടപ്രകാരമോ, കീഴ്‌വഴക്കപ്രകാരമോ നിലനിൽക്കാത്ത സാഹചര്യത്തിലും ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ ): 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ ) ഭേദഗതി ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി. മമ്മൂട്ടി എം.എൽ.എ.യ്ക്കുവേണ്ടി (ശ്രീ. എം. ഉമ്മർ): 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ ) ഭേദഗതി ബിൽ

പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2016 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബില്ലിന്റെ അന്തസ്സത്ത പരിശോധിക്കുമ്പോൾ നിയമപരവും രാഷ്ട്രീയപരവുമായ വശങ്ങൾകൂടി പരിശോധിക്കേണ്ടതാണ്. അടിസ്ഥാന വർഗ്ഗത്തോട് താത്പര്യമുണ്ടായിരുന്നുവെങ്കിൽ പതിനാലാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിൽ ഇത്തരം ഒരു ബിൽ അവതരിപ്പിക്കുമായിരുന്നില്ല. ഈ ബിൽ ധൃതിപിടിച്ച് പാസ്സാക്കേണ്ട കാര്യമില്ല. ഈ ബില്ലിന്റെ രാഷ്ട്രീയ മാനങ്ങൾ പരിശോധിക്കുന്നതിനും ബിൽ പിൻവലിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. രാജു എബ്രഹാം</u> : 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഭരണപരിഷ്ക്കരണം കേരളത്തെ സംബന്ധിച്ച് അനിവാര്യമാണ്. ഭരണപരിഷ്കാര നടപടികൾ കുറ്റമറ്റ രീതിയിൽ രൂപീകരിക്കേണ്ടത് സാധാരണക്കാരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഏത് ഗവൺമെന്റിന്റെയും കടമയാണ്. മുഖ്യമന്ത്രിമാരായിരുന്ന ഇ.എം.എസ്.-ഉം ഇ. കെ. നായനാരും ഭരണപരിഷ്കാര കമ്മീഷന്റെ ചെയർമാൻമാരായിരുന്നപ്പോൾ തയ്യാറാക്കിയ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ

ഭരണരംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കാനും ജനക്ഷേമത്തിന് നിരവധി സംഭാവനകൾ നൽകാനും കഴിഞ്ഞിട്ടുണ്ട്. ഇ.എം.എസ്. കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ കൗൺസിൽ ബിൽ, കേരള പഞ്ചായത്ത് ബിൽ എന്നിവ വരാനിടയായത്. ഇ. കെ നായനാർ ചെയർമാനായ ഭരണപരിഷ്കാര കമ്മീഷൻ അംഗീകരിച്ച ശിപാർശകളെ അടിസ്ഥാനമാക്കിയാണ് കേന്ദ്ര ഗവൺമെന്റ് Right to Information Act കൊണ്ടുവന്നത്. പൊതുജന പരാതി പരിഹാരം, അധികാരവികേന്ദ്രീകരണം, ഭരണപരിഷ്കാരം, മോണിറ്ററിംഗ്, സർക്കാർ ഉദ്യോഗസ്ഥരുടെ ഹാജർ നിരീക്ഷണ നിയന്ത്രണം ഇവയൊക്കെ കമ്മീഷന്റെ ശിപാർശകളായിരുന്നു. കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും അപേക്ഷകൾ സമയബന്ധിതമായും മാനുഷിക പരിഗണനയ്ക്കും നിയമത്തിനും വിധേയമായും തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുതിയ ഭരണ പരിഷ്കാര കമ്മീഷന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് പ്രത്യാശിക്കുന്നു. ഭരണതലത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിന് കാര്യക്ഷമമായ നിർദ്ദേശങ്ങൾ ബില്ലിൽ ഉൾപ്പെടുത്തണം. സമൂഹത്തിൽ സമഗ്ര മാറ്റത്തിന്റെ തുടക്കമെന്ന നിലയിൽ കൊണ്ടുവന്ന ബില്ലിനെ സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരണത്തിനുള്ള ബില്ലാണെങ്കിൽ സഞ്ചിതനിധി വേണമെന്ന പ്രതിപക്ഷത്തിന്റെ തടസ്സവാദം അംഗീകരിക്കാൻ തയ്യാറാകണം. സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ ഖജനാവിന് അധിക സാമ്പത്തിക നഷ്ടമുണ്ടാക്കുന്ന ഈ ബിൽ നിയമമാക്കേണ്ടതുണ്ടോ എന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കണം. കേരളം ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന കേരളത്തിന്റെ മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദനെ അപമാനിക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നത്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: നിയമസഭയിലെ ഏതെങ്കിലും ഒരംഗത്തെ ഭരണപരിഷ്കരണ കമ്മീഷന്റെ ചെയർമാനായി നിയമിക്കുന്ന സംഗതിയിൽ അപ്രകാരമുള്ള നിയമനം ലഭിച്ച അംഗം നിയമസഭാംഗമായി തുടരുവാൻ അയോഗ്യനാകുന്നതാണ്. അതിനാൽ അപ്രകാരമുള്ള ഒരു നിയമസഭാംഗത്തിന്റെ ഉത്തരവാദിത്വം നിലനിർത്തുന്നതും അയോഗ്യത നീക്കുന്നതുമായി ബന്ധപ്പെട്ട ഒരു ബില്ലാണിത്. ഒരു ജനപ്രതിനിധിക്ക് ഏതെങ്കിലും പദവി ഏറ്റെടുക്കുന്നതിന്

എന്തെങ്കിലും അയോഗ്യതയോ തടസ്സമോ ഉണ്ടെങ്കിൽ അത് മാറ്റേണ്ടത് ജനാധിപത്യം ശക്തിപ്പെടുത്താൻ അത്യന്താപേക്ഷിതമാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഇപ്പോൾ രൂപീകരിക്കാൻ പോകുന്ന ഭരണ പരിഷ്കാര കമ്മീഷന്റെ അദ്ധ്യക്ഷ പദവി ഏതെങ്കിലും നിയമസഭാ സാമാജികൻ വഹിക്കേണ്ടിവന്നാൽ അദ്ദേഹത്തിന്റെ നിയമസഭാംഗത്വത്തിൻമേൽ അയോഗ്യതയുണ്ടാകാതിരിക്കാൻവേണ്ടിയാണ് ഈ നിയമം ഭേദഗതിയോടുകൂടി ബില്ലായി അവതരിപ്പിച്ചത്. ഭരണരംഗത്ത് സുതാര്യത ഉറപ്പുവരുത്തുന്നതിന് ഉദ്യോഗസ്ഥ സംവിധാനം അഴിമതി വിമുക്തമായിരിക്കണം. സർക്കാർ ആവിഷ്കരിക്കുന്ന ജനക്ഷേമകരങ്ങളായ പദ്ധതികൾ നേരിട്ട് ജനങ്ങളിലേയ്ക്കെത്തിക്കുന്നതിന് വിവിധ തട്ടിലുള്ള ഉദ്യോഗസ്ഥ സംവിധാനം ഏകോപിപ്പിക്കുകയും കാര്യക്ഷമമാക്കുകയും വേണം. അതിനായി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പോലെയുള്ള കാതലായ ഭരണപരിഷ്കാരങ്ങൾ അനിവാര്യമാണ്. ജനക്ഷേമത്തിനും സന്തുലിത വികസനത്തിനും ഉതകുന്ന രീതിയിൽ ഭരണസംവിധാനം മാറ്റിത്തീർക്കുന്നതിന് ഉചിതമായ പഠനം നടത്തി ശിപാർശകൾ സമർപ്പിക്കേണ്ടതുണ്ട്. കാലോചിതമായ ഈ ആവശ്യം

നിർവ്വഹിക്കുന്നതിന് ഒരു പുതിയ ഭരണപരിഷ്കാര കമ്മീഷനെ നിയമിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഭരണപരിഷ്കാര കമ്മിറ്റി ഭരണതലത്തിൽ ഇന്ത്യയ്ക്കുതന്നെ മാതൃക സൃഷ്ടിക്കുന്ന ഒന്നായിരിക്കും. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണം.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ വൈകുന്നേരം 4.19-ന് പിരിഞ്ഞു.